# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യംനമ്പർ : 1568

18.06.2012-ൽ
മറുപടിക്ക്.

### കൊച്ചി -മംഗലാപുരം ഗ്യാസ് പൈപ്പ് ലൈൻ പദ്ധതി

**ചോദ്യം**

ശ്രീ. റ്റി.വി. രാജേഷ്

(എ) കൊച്ചി -മംഗലാപുരം ഗ്യാസ് പൈപ്പ് ലൈൻ പദ്ധതി സംബന്ധിച്ച വിശദാംശം നൽകാമോ; പ്രസ്തുത പദ്ധതി സംബന്ധിച്ച ജനങ്ങളുടെ ആശങ്ക ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

**ഉത്തരം**

ശ്രീ. ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി)

(എ) കൊച്ചിയിൽ നിന്നും ബാംഗ്ലൂരിലേക്ക് സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്ന 505 കി.മി. ദൈർഘ്യമുള്ള പ്രകൃതിവാതക പൈപ്പ് ലൈനിൽ കുറ്റനാടുനിന്നും 386 കി.മീ. ദൈർഘ്യമുള്ള ബ്രാഞ്ചു പൈപ്പ് ലൈനാണ് മംഗലാപുരത്തേയ്ക്ക് സ്ഥാപിക്കുവാൻ ഉദ്ദേശിച്ചിരിക്കുന്നത്. ബാംഗ്ലൂരിലേയ്ക്കും മംഗലാപുരത്തേയ്ക്കും മൊത്തം 911 കി.മീ. ദൈർഘ്യമുള്ള പൈപ്പ്ലൈൻ കേരളത്തിലെ 7 ജില്ലകളിലായി 505 കി.മീ. ദൈർഘ്യത്തിലാണ് കടന്നുപോകുന്നത്. പുതുവൈപ്പിനിലെ LNG ടെർമിനലിൽ നിന്നും ആരംഭിക്കുന്ന പൈപ്പ് ലൈൻ കേരളത്തെ ദേശീയ ഗ്യാസ് ശൃംഖലയുമായി ബന്ധിപ്പിക്കുന്നതോടൊപ്പം പ്രസ്തുത പൈപ്പ്ലൈൻ കടന്നുപോകുന്ന ജില്ലകളിൽ ഗാർഹീകവും വ്യവസായികവുമായ ആവശ്യങ്ങൾക്കും വാഹനങ്ങൾക്കും ഉള്ള പ്രകൃതിവാതക വിതരണവും ഉദ്ദേശിച്ചിരിക്കുന്നു. നഗരങ്ങളിലെ പ്രകൃതിവാതക വിതരണത്തിനായി ഗെയിലും കേരളാ ഗവൺമെന്റും ചേർന്നുള്ള സംയുക്തസംരംഭമായ കേരള ഗെയിൽ ഗ്യാസ് എന്ന കമ്പനി രൂപം കൊടുത്തിരിക്കുന്നു. പ്രസ്തുത പൈപ്പ് ലൈൻ കടന്നുപോകുന്ന സ്ഥലങ്ങളിലെ ഭൂ ഉടമകൾക്കും പരിസരവാസികൾക്കും സുരക്ഷയെപ്പറ്റിയും Land Compensation- നെ പറ്റിയുമുള്ള ആശങ്കകളും ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.

(ബി) ഉണ്ടെങ്കിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) ഈ ആശങ്കകൾ ദൂരികരിക്കുവാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. 14.03.2012 ൽ വ്യവസായ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലാകളക്ടർമാർക്ക് ജനങ്ങൾക്ക് ബോധവൽക്കരണം നടത്തുന്നതിനായി അവരവരുടെ ജില്ലകളിൽ പ്രചരണ പരിപാടി സംഘടിപ്പിക്കുന്നതിനായി നിർദ്ദേശം നൽകിയിട്ടുണ്ട്. അതനുസരിച്ച് ബന്ധപ്പെട്ട സ്ഥലങ്ങളിലെ എംപിമാരും, എം.എൽ.എ. മാരും ഉൾപ്പെടെയുള്ള ജനപ്രതിനിധികളുടേയും ജില്ലാകളക്ടർമാരുടെയും സാന്നിദ്ധ്യത്തിൽ ജില്ലാ തലത്തിലും പഞ്ചായത്തു തലത്തിലും ബോധവൽക്കരണം നടത്തികൊണ്ടിരിക്കുന്നു. കൂടാതെപത്രമാദ്ധ്യമങ്ങളിലൂടെയുള്ളബോധവൽക്കരണവും നടത്തികൊണ്ടിരിക്കുന്നു.

(സി) കണ്ണൂർ ജില്ലയിൽ പൈപ്പ് ലൈൻ ഏതൊക്കെ പ്രദേശത്തു കൂടിയാണ് കടന്നുപോകുന്നത്.

(സി) നിർദ്ദിഷ്ട പൈപ്പലൈൻ കണ്ണൂർ ജില്ലയിൽ തലശ്ശേരി താലൂക്കിലെ കടവത്തൂർ, കണ്ണങ്കോട്, പാലട്ടായി, എളംങ്കോട്, പുതൂർ, പാനൂർ, മൊകേരി, പാട്യം, കോങ്ങാട്ട, എരുവട്ടി, കൂവപ്പാട്, ഒളായിക്കര, പറമ്പായി, പാതിരിയാട്, കൈദേരിപ്പൊയ്യിൽ, കുന്നിരിക്ക, ചമ്പാട്, കുലാട്ട്മല, കണ്ണൂർ താലൂക്കിലെ അഞ്ചരക്കണ്ടി, കാമത്ത്, മാമ്പ, തട്ടിയോട്, തലമുണ്ട, കുടാലി, കാഞ്ഞീരോട്, പൊറവീർ, മുണ്ടേരി, തളിപ്പറമ്പ് താലൂക്കിലെ മണിയൂർ, മയ്യിൽ, കയരളം, മുല്ലക്കോടി, കുറുമാത്തൂർ, നാണിച്ചേരി, പാണക്കാട്, പൂമംഗലം, കുറ്റിയേരി, ഇരിങ്ങൽ, പരിയാരം, കടന്നപ്പള്ളി , ചെറുവാച്ചേരി, മണിയറ, കൈതപ്രം, എരമം, പടവന്നൂർ, കുറുവേലി, ആലപ്പടമ്പ്, പുതൂർ എന്നീ പ്രദേശങ്ങളിലൂടെയാണ് കടന്നുപോകുന്നത്.

(ഡി) ഭൂമി നഷ്ടപ്പെടുന്ന സ്ഥലമുടമകൾക്ക് ഏതു വിധത്തിലുള്ള നഷ്ടപരിഹാരമാണ് നൽകാൻ ഉദ്ദേശിക്കുന്നത്; ഇതു സംബന്ധിച്ച് എന്തൊക്കെ നടപടികളാണ് ഇതുവരെ സ്വീകരിച്ചിട്ടുള്ളത്.

(ഡി) ഭൂമിയുടെ ഉപയോഗാവകാശം ഏറ്റെടുക്കുന്ന സ്ഥലമുടമകൾക്ക് 1962 ലെ പെട്രോളിയം ധാതു പൈപ്പ്ലൈൻ ആക്ട് പ്രകാരം കോമ്പിറ്റന്റ് അതോറിറ്റി നിശ്ചയിക്കുന്ന സ്ഥലവിലയുടെ 10% വും കൃഷിനാശത്തിന് നിയമപ്രകാരമുള്ള നഷ്ടപരിഹാരവുമാണ് നൽകാൻ ഉദ്ദേശിക്കുന്നത്. 08.05.2012 ൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ നടന്ന മീറ്റിംഗിൽ ഭൂമിയുടെ ന്യായവിലയ്ക്ക് പകരം നിലവിലുള്ള കമ്പോളവിലയ്ക്ക് ആനുപാതികമായി നഷ്ടപരിഹാരം നൽകുന്നതു സംബന്ധിച്ച് തീരുമാനമെടുക്കുന്നതിനായി District Level Purchase Committee യെ ചുമതലപ്പെടുത്തുന്ന കാര്യം മന്ത്രിസഭ മുൻപാകെ സമർപ്പിക്കുവാൻ തീരുമാനമായി. കൂടാതെ 5 സെന്റിൽ താഴെ മാത്രം ഭൂമി സ്വന്തമായി ഉള്ളവരും സ്വന്തമായി വാസസ്ഥലം ഇല്ലാത്തവരുമായ ഭൂ ഉടമകൾക്ക് ഉചിതമായ നഷ്ടപരിഹാരം നൽകുന്നതിനുള്ള പരിഗണന DLPC ബന്ധപ്പെട്ട അധികാരികളുടെ അംഗീകാരത്തോടെ നൽകേണ്ടതാണെന്നും തീരുമാനമായിട്ടുണ്ട്. ഇതിലേക്കായി നഷ്ടപരിഹാരം നിർണ്ണയിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ